(ബി) ഈ സർക്കാർ പ്രസ്തുത സ്ഥാപനങ്ങൾ മുഖേന ഏതെല്ലാം കാർഷിക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച വിശദവിവരം നല്കുമോ ;

(സി) ഈ കാലയളവിൽ കാർഷിക വികസന പ്രവർത്തനത്തിന് ഈ മണ്ഡലത്തിൽ ഓരോ വർഷവും എന്തു തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കൃഷി വകുപ്പ് വഴി മാള നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ

179(2437) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കൃഷി വകുപ്പ് വഴി മാള നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

മാളച്ചാൽ പദ്ധതി പൂർത്തിയാക്കാൻ നടപടി

180(2438) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ട് വർഷം മുൻപ് പ്രവൃത്തി ആരംഭിച്ച മാള മണ്ഡലത്തിലെ മാളച്ചാൽ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ആദ്യകരാറുകാരൻ നടത്തിയ പണിയുടെ ഒരു ഭാഗം തകർന്നു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) മാളച്ചാൽ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2006-ൽ നബാർഡിന്റെ അനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ വെൺമേനാട് മാളച്ചാൽ പദ്ധതി RIDF XI-ൽ ഉൾപ്പെടുത്തിയിരുന്നതാണ്. 176.65 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രസ്തുത പദ്ധതി ഏറനാട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൺസ്ട്രക്ഷൻ കമ്പനി എന്ന സ്ഥാപനമാണ് ഏറ്റെടുത്തിരുന്നത്. പ്രസ്തുത കോൺട്രാക്ടർ 35.56 ലക്ഷം രൂപയുടെ പണികൾ നടത്തിയശേഷം സാങ്കേതിക തടസ്സവാദങ്ങൾ ഉന്നയിച്ച് പണികൾ നിർത്തിവച്ചു. ഇവ അടിസ്ഥാന രഹിതമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടറുമായുള്ള എഗ്രിമെന്റ് ടെർമിനേറ്റ് ചെയ്യുകയും ബാക്കി പണികൾ 2010-ലെ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം പുതുക്കിയ ഭരണാനുമതിക്കും 31-3-2011-ൽ കാലാവധി അവസാനിക്കുന്നതിനാൽ ഒരു വർഷം കൂടി കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നുള്ള മണ്ണു സംരക്ഷണ വിഭാഗം അഡീഷണൽ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്- ഇടിഞ്ഞുവീണ ഭാഗങ്ങൾ കരാറുകാരൻ തന്നെ പൂർണ്ണമായും കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

(സി) മാളച്ചാൽ പദ്ധതി ഉൾപ്പെടെ നബാർഡ് ധനസഹായത്തോടെയുള്ള RIDF XI-ന്റെ കാലാവധി 31-3-2011-ൽ അവസാനിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ കാലാവധി ഒരു വർഷം ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ നബാർഡിന്റെ അനുമതിക്കായി സമർപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

പേരാമ്പ്ര, മേപ്പയൂർ മണ്ഡലങ്ങളിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

181(2439) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേരാമ്പ്ര, മേപ്പയൂർ മണ്ഡലങ്ങളിൽ കൃഷി വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള അവസ്ഥ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

വയനാട് ജില്ലയിലെ കർഷകർക്ക് കൃഷി വകുപ്പ് മുഖേന നൽകിയ ആനുകൂല്യങ്ങൾ

182(2440) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ കർഷകർക്ക് കൃഷി വകുപ്പ് മുഖേന നൽകിയ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly